കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിന് പ്രത്യേകമായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തദ്ദേശ സ്വയംഭരണ(ഇപിബി)വകുപ്പ്

സ.ഉ.(സാധാ)നം. 2407/2015/തസ്വഭവ തീയതി, തിരുവനന്തപുരം, 05/08/2015.

==================================================================

പരാമർശം:-1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03/06/2015- ലെ 2.5 നമ്പർ തീരുമാനം.

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10/06/2015-ലെ ഡി.ബി 3/753/12/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളിലെ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ബി.എസ്.എൻ.എൽ-ന്റെ 500 രൂപയിൽ കവിയാത്ത പ്ലാനിൽ നെറ്റ് സെറ്ററോ വി.പി.എൻ എക്സ്റ്റെൻഷനോ ക്രമീകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം(1) പ്രകാരം തീരുമാനിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(1) തീരുമാനം അടിയന്തിരമായി നടപ്പാക്കണമെന്ന് പരാമർശം(2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകളിലെ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ബി.എസ്.എൻ.എൽ-ന്റെ 500 രൂപയിൽ കവിയാത്ത പ്ലാനിൽ നെറ്റ് സെറ്ററോ വി.പി.എൻ എക്സ്റ്റെൻഷനോ ക്രമീകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിലുള്ള തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവുപ്രകാരം
കൃഷ്ണശർമ്മ. പി,
അഡീഷണൽ സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.
വെബ്&ന്യൂ മീഡിയ, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ(ഇ ഡബ്ള്യു)വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ